

# കണ്ണുനീർ

## *കുര്യാക്കോസ് ചാക്കോ*

അമ്മ എന്ന വാക്കിന് "പ്രർത്ഥന " എന്ന ഒരു അർത്ഥം ചേർത്താൽ അമ്മ എന്ന പദത്തിന് ഒരു പൂർണത വന്നു എന്ന് ഞാൻ കരുതുന്നു . കാരണം എന്റെ അമ്മ ഒരു ഉദാഹരണം ആണ് . എന്റെ വീട്ടിൽ ഒരു മുറി ഉണ്ട് അതിലെ വാതിലുകൾ പലപ്പോളും അടഞ്ഞു കിടക്കുന്നത് കാണാൻ സാധിക്കും
സൂഷ്മമായി നോക്കിയാൽ മുട്ടിന്മേൽ നിന്ന് തല താഴ്ത്തി മണിക്കുറോളം കണ്ണിരോടെ പ്രാർത്ഥിക്കുന്ന എന്റെ അമ്മ കണ്ണുനീർ തുള്ളികൾ കൊണ്ട് ആ മുറികൾ നനഞ്ഞു കിടക്കുന്നു . ആ രംഗം പലപ്പോഴും എനിക്ക് ദർശിക്കുവാൻ സാദിച്ചിട്ടുണ്ട് മക്കൾക്ക് വേണ്ടിയും കൊച്ചുമക്കൾക്കുവേണ്ടിയും ഇടുവിൽ നിന്ന് പ്രാർത്ഥിക്കുകയാണ് എന്റെ അമ്മ ചെയ്യുനതു . സങ്കീർതനക്കാരൻ ഇങ്ങനെ പറയുന്നു ...      (സങ്കി :77-5,6 ) രാത്രിയിൽ ഞാൻ എന്റെ സംഗീതം ഓര്ക്കുന്നു . എന്റെ ഹൃദയം കൊണ്ട് ഞാൻ ധ്യാനിക്കുന്നു . നാം പലപ്പോളും ധ്യനിക്കാറുണ്ട് പക്ഷെ നമ്മുടെ ഹൃദയത്തെ നിയത്രിക്കുവാൻ പലപ്പോളും സാദിക്കുനില്ല.എന്നാൽ ഉത്തമനായ ഒരു വ്യക്തി . അവൻ ധ്യനിക്കുപോൾ മനസും ചിന്തയും ഏകാഗ്രമാക്കി വേണം ധ്യാനിക്കുവാൻ സങ്കീർതനതിൽ വീണ്ടും പറയുന്നു അവെന്റെ ധ്യനത്തിങ്കൽ തീകത്തി , അപ്പോൾ അവൻ നാവ് എടുത്തു സംസാരിച്ചു . ദൈവ മുന്പാകെ ഇരിക്കുപോൾ അശ്രധയോട് കൂടെ ഇരിക്കരുത് , മറ്റുള്ളവർ കാണുവാൻ വേണ്ടി നാം പ്രർതിക്കരുതു. പ്രാർത്ഥിക്കാൻ ആഗ്രഹിച്ചാൽ നീ നിന്റെ സ്വൊർഗീയ പിതാവിനോട് വേണം പ്രർതിക്കുവാൻ അപ്പോഴാണ് നിന്റെ ധ്യനത്തിങ്കൽ തീ കത്തുന്നത് കാണാൻ സാധിക്കും. എന്റെ അമ്മയുടെ കാൽമുട്ടുകൾ നോക്കിയാൽ തഴമ്പ് പിടിച്ച രണ്ടു ഭാഗം കാണാൻ സാദിക്കും , അത് മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ച ഉണ്ടായതാണ് . ബാഹ്യ സൌന്ദര്യം എന്റെ അമ്മക്ക് കുറവാണ് എങ്കിലും ആന്തരിക സൌന്ദര്യം നമുക്ക് ചിന്തിക്കുവാൻ സാധ്യമല്ല . പ്രാർത്ഥിച്ചു കഴിഞ്ഞു പലപ്പോഴും എന്റെ അമ്മയുടെ മുഖം ശോഭികുന്നത് ഞാൻ കണ്ടിട്ടുണ്ട് . യെശയ്യ :60-1 വാക്യം എഴുനേറ്റു പ്രകാശികുക നിന്റെ പ്രകാശം വന്നിരിക്കുന്നു യഹോവയുടെ തേജസ്സു നിന്റെ മേൽ ഉദിച്ചിരിക്കുന്നു . മകനായ എനിക്ക്ക് അഭിമാനത്തോടെ പറയാൻ സാദിക്കും ലോകത്തിലെ ഏറ്റവും ആത്മീയ സൌദര്യം ഉള്ള വെക്തി എന്റെ അമ്മയാണെന്ന് . കണ്ണുനീരിനെ മറികടകത ദൈവം എന്റെ കുടുബത്തെ ഉയർത്തുവാൻ തുടങ്ങി . ഒന്നും ഇല്ലായ്മയിൽ നിന്ന് കരം പിടിച്ച് ഉയർത്തി ദൈവം നല്ല വിദ്യാഭ്യാസവും സമ്പത്തും നല്കി ഞങ്ങളെ അനുഗ്രഹിച്ചു . ഇതിന്റെ പിന്നിൽ എന്റെ അമ്മയുടെ കണ്ണുനീർ ആയിരുന്നു . ദൈവം എനിക്ക് രണ്ടു മക്കളെ തന്നു രണ്ടു പേർക്കും ഓട്ടിസം എന്ന അസുഖം ബാധിച്ചവർ എന്നാൽ ഒരു മകൻ ദൈവ കൃപയാൽ സൌഖ്യം പ്രാപിച്ചു . രണ്ടാമത്തെ മകൻ അവനു സംസാരശേഷിയും ഇല്ല , സിവിയർ ഓട്ടിസം ബദിച്ചകുട്ടി . ഞാൻ അവനെ ഓർകുപോൾ ദൈവതിനു മഹത്വം കരെറ്റും , ഞാൻ ഒരിക്കലും ദൈവത്തൊട് പരാതി പറഞ്ഞിട്ടില്ല. എന്റെ ദൈവം അറിയാതെ എനിക്കൊന്നും ഭവിക്കില്ല എന്ന് ഞാൻ പൂർണമായി വിശ്വസിക്കുന്നു . സ്നേഹിക്കുന്ന അപ്പനാണ്  മക്കൾക് ശിക്ഷ നല്കുന്നത് ആ ശിക്ഷ സ്വീകരിക്കാനുള്ള മനസ്സാണ് നമക്ക് വേണ്ടത് . എന്റെ ജീവിത അനുഭവം താങ്കളുടെ ജീവിതത്തിൽ ഒരു വഴിത്തിരിവായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദു:ഖം വരുമ്പോൾ ദൈവത്തൊട് മറുതലിക്കുന്നവരയിട്ടല്ല ജീവികേണ്ടത്, മറിച്ചു എന്റെ ദൈവം എനിക്ക് മതിഅയവെൻ , അവൻ അറിയാതെ ഒന്നും സംഭവിക്കുനില്ല എന്ന വിശ്വാസത്തോട് കൂടെ വേണം ജീവിക്കുവാൻ . ദൈവം അത്ഭുതം പ്രവർത്തിക്കും നിശ്ചയം, ഫിലിപ്പിയർ :1-3 ഞാൻ നിങ്ങൾക്ക് എല്ലാവർക്കും വേണ്ടി കഴിക്കുന്ന സകല പ്രാർത്ഥനയിലും എപ്പോളും സന്തോഷത്തോടെ പ്രാർത്ഥിച്ചും നിങ്ങളിൽ നല്ല പ്രവർത്തിയെ ആരംപിച്ചവെൻ യേശുക്രിസ്തുവിന്റെ നളോളം തികക്കും  എന്ന് ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു . ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കട്ടെ. അമേൻ ....

Mr Kuriakose
OCYM MOC Doha Unit
00 974 6685 7242

